**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3384** **15-02-2024 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷാ പഠനം ശക്തിപ്പെടുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മാതൃഭാഷാ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ ഭാഷാ നൈപുണ്യം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മാതൃഭാഷാ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മലയാളത്തിളക്കം, ശ്രദ്ധ വായന ചങ്ങാത്തം, വായനവസന്തം, നല്ല മലയാളം മുതലായ പദ്ധതികളും, വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പഠനോത്സവം, ഭാഷോത്സവം എന്നിവയും മാതൃഭാഷയുടെ പഠനത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ്. കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളായ തമിഴ്, കന്നട മീഡിയം സ്കൂളിലെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് നല്ല മലയാളം എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്.<br><br>ഒന്ന്, രണ്ട് ക്ലാസുകളിൽ കുട്ടികളുടെ എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതിന് കുഞ്ഞുവായന, കുഞ്ഞെഴുത്ത് എന്നീ പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷ, കേരളയുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടന്നുവരുന്നു.<br><br>**<u>പ്രീ പ്രൈമറിതലം</u>**<br><br>സർക്കാർ അംഗീകൃത സ്കൂളിലെ പ്രീ-പ്രൈമറി തലത്തിലെ കുട്ടികൾക്ക് മാതൃഭാഷയിലുള്ള പുസ്തകങ്ങൾ ലഭ്യമാക്കികൊണ്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഭാഷാ വികാസ ഇടങ്ങൾ നൽകി. അതിന്റെ ഭാഗമായി കഥോത്സവം, വരയുത്സവം ആട്ടവും പാട്ടും എന്നിവ സമഗ്രശിക്ഷ കേരളത്തിന്റെ തേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു.<br><br>**<u>ക്ലാസ്സ് - ഒന്ന്, രണ്ട്, മൂന്ന്, നാല്</u>**<br><br>മാതൃഭാഷാ പരിപോഷണത്തിന്റെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി സംയുക്ത ഡയറി, സചിത്ര നോട്ട് പുസ്തകം എന്നിവ |

നൽകിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാതൃഭാഷാ പരിപോഷണ പദ്ധതിയുടെ ഭാഗമായി ഭാഷാ ഉത്സവം സംഘടിപ്പിച്ചു. പാട്ടരങ്ങ്, രചനോത്സവം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ സമഗ്ര ഗുണമേന്മ പരിപാടികൾ നടപ്പിലാക്കുന്നു.

**<u>കുട്ടികളുടെ ഡയറി</u>** - സംയുക്ത ഡയറിയിലെ ഏറ്റവും മികച്ച രചനകൾ തിരഞ്ഞെടുത്തുകൊണ്ട് കുട്ടികളുടെ ഡയറി തയ്യാറാക്കി പ്രകാശനം ചെയ്തു.

**<u>ഹൈസ്കൂൾ, ഹയർ സെക്കന്ററി, യു.പി വിഭാഗം</u>**

ബഡ്ഡിംഗ് റൈറ്റേഴ്സ് സ്റ്റാർസ് പദ്ധതി - മാതൃഭാഷാ പരിപോഷണത്തിന്റെ ഭാഗമായി കുട്ടികളുടെ വായനയെയും എഴുത്തിനെയും പ്രത്യേകിച്ച് സർഗ്ഗാത്മക രചനയെ പ്രോത്സാഹിപ്പിക്കുംവിധം തയ്യാറാക്കിയ പദ്ധതി 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 6000/-, 10000/- രൂപ നൽകിക്കൊണ്ട് പുസ്തകങ്ങൾ വാങ്ങാൻ അനുവദിക്കുകയും ക്ലാസ്സ്തല, ബി.ആർ.സി തല, ജില്ലാതല വായനാക്കൂട്ടം, എഴുത്തുകൂട്ടം എന്നിവ സംഘടിപ്പിച്ചുവരുന്നു. ക്ലാസ് തല പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച വായനക്കാരെയും എഴുത്തുകാരെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രകാശനം ചെയ്യാനുള്ള അവസരവും ഒരുക്കുന്നു. കുട്ടികളിൽ മലയാള ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷ മലയാളത്തിളക്കം എന്ന പാക്കേജ് നടപ്പാക്കുന്നുണ്ട്. ഭാഷയുടെ വ്യവഹാര രൂപങ്ങളിലൂടെ കുട്ടികളെ സർഗ്ഗാത്മക വായനയിലും എഴുത്തിലും രചനയിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുകയാണ് ഈ പദ്ധതിക്കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ കുട്ടികളുടെ ഭാഷാശേഷി പരിപോഷിപ്പിക്കുന്നതിനായി ബഡ്ഡിംഗ് റൈറ്റേഴ്സ് എന്ന പരിപാടിയും സമഗ്ര ശിക്ഷ നടപ്പാക്കിവരുന്നു.

സാങ്കേതിക വിദ്യ ഭാഷാ പഠനത്തിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കി ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ് വെയർ വികസിപ്പിച്ച് എല്ലാ സ്കൂളുകളിലേക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒന്നു മുതൽ ഏഴ വരെ ക്ലാസുകളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകി. ഭാഷാ കമ്പ്യൂട്ടിംഗ് പരിചയപ്പെടുത്തുന്നതിന് (മാതൃഭാഷ ഉൾപ്പെടെ സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ) ഐ.ടി പാഠപുസ്തകങ്ങൾ സംവിധാനം ഒരുക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | മാതൃഭാഷാ പഠനത്തോടൊപ്പം മറ്റ് ഭാഷകളുടെ പഠനവും ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | എല്ലാ കുട്ടികൾക്കും ദേശീയ ഭാഷയായ ഹിന്ദിയിൽ പ്രാവീണ്യം നേടുന്നതിനും ഹിന്ദി ഭാഷ വിനിമയം ചെയ്യുന്നതിനും വേണ്ടി സമഗ്ര ശിക്ഷ കേരളം, സുരീലി ഹിന്ദി എന്ന സവിശേഷ പരിപാടി യു.പി ക്ലാസ്സുകളിൽ നടപ്പിലാക്കുന്നുണ്ട്.<br><br>പൊതു വിദ്യാലയത്തിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ വിനിമയശേഷി കൂടുതൽ മെച്ചപ്പെടുത്താൻ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് ഹലോ ഇംഗ്ലീഷ്, ഇതുവഴി തെറ്റുകൂടാതെയും ഭയം കൂടാതെയും ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ സാധിക്കുന്നതിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ മികവ് കൈവരിക്കുന്നു.<br><br>മുകുളം എന്ന പേരിൽ ഒന്നു മുതൽ അഞ്ചുവരെ ക്ലാസിലെ കുട്ടികൾക്കായി ശില്പശാല സംഘടിപ്പിക്കുന്നു. പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ വീഡിയോകളിലൂടെയും കഥകളിലൂടെയും പാഠങ്ങൾ സംവദിപ്പിക്കുന്നു. കുട്ടികളിൽ പ്രാദേശിക ഭാഷയിലൂടെ എഴുത്തും വായനയുമായി ബന്ധപ്പെട്ട അടിസ്ഥാന കഴിവുകളിലെ വികാസം ഇതു വഴി കൈവരിക്കുന്നു. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുകയാണ് ലക്ഷ്യം.<br><br>എസ്.എസ്.കെ യുടെ ആഭിമുഖ്യത്തിൽ പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷയിലെ ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനായി ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് തുടങ്ങിയ പരിപാടികൾ സമഗ്ര ശിക്ഷ നടപ്പിലാക്കി വരുന്നു. ഇതിലൂടെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനം രസകരവും അവരുടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഉറുദു ഭാഷാ പരിപോഷണത്തിനായി പ്യാരി ഉറുദു, സംസ്കൃത മാധുരി, അറബിക് ഭാഷാ പരിപോഷണത്തിനായി അഹ് ലൻ അറബിക് എന്നീ പഠന പോഷണ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൈറ്റിന്റെ നേതൃത്വത്തിൽ മാതൃഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കുന്നതിന് ഇ-ലാംഗ്വേജ് ലാബിൽ ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇംഗ്ലീഷിനോടൊപ്പം മറ്റ് ഭാഷാപഠനത്തിനും ഇ-ലാംഗ്വേജ് ലാബ് ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ